

നാളികേര വികസന ബോർഡും തൃശൂർ അതിരൂപത സോഷ്യൽ വെൽഫെയർ സെന്ററും ചേർന്നു സംഘടിപ്പിക്കുന്ന തെങ്ങു കയറ്റ പരിശീലനത്തിൽ നിന്ന്.

# തെങ്ങു കയറാൻ പഠിക്കാം, പരിശീലനം സൗജന്യം

തൃശൂർ ● നാളികേര വികസന ബോർഡും തൃശൂർ അതിരൂപത സോഷ്യൽ വെൽഫെയർ സെന്ററും സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ തെങ്ങുകയറ്റ പരിശീലനം തുടങ്ങി. ആദ്യ ബാച്ചിന്റെ ഉദ്ഘാടനം മോൺ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് നിർവഹിച്ചു.

തെങ്ങുകയറ്റ യന്ത്ര പരിശീലനത്തിനു പുറമെ, വിത്തുതേങ്ങ സംഭരണം, മരുന്നുപ്രയോഗം, കേരസംരക്ഷണം എന്നിവയിലും പരിശീലനമുണ്ടെന്നു സോഷ്യൽ വെൽഫെയർ സെക്രട്ടറി ഫാ. പ്രിൻസ് പുവ്വത്തിങ്കൽ പറഞ്ഞു.

റെനി തോമസ്, കൃഷി വിജ്ഞാന കേന്ദ്രം അസിസ്റ്റന്റ് പ്രഫസർ മേരി റജീന, പ്രഫ. എലിസബത്ത് മാത്യു, സിപി. ജോർജ്, അർജോ ജോസ് എന്നിവർ പ്രസംഗിച്ചു.

പരിശീലന സമയത്ത് ഭക്ഷണവും താമസവും സൗജന്യമായി നൽകുന്നതിനു പുറമെ 150 രൂപ പ്രതിദിന ബത്തയും നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 2300 രൂപ വിലവരുന്ന തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകും.

രണ്ടാം ബാച്ച് പരിശീലനം ജനുവരി ആദ്യ വാരം ആരംഭിക്കും. സ്ത്രീകൾക്കും പുരുഷൻമാർക്കും അപേക്ഷിക്കാം. പ്രായപരിധി: 18– 40. ഫോൺ: 0487– 2445580.